**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3562** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2019 ബാച്ച് ബിരുദ വിദ്യാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2019 ബാച്ച് ബിരുദ വിദ്യാർത്ഥികൾക്ക് മൂന്നാമത് അക്കാദമിക് വർഷം തുടങ്ങിയിട്ടും രണ്ട് സെമസ്റ്ററുകളിലെ പരീക്ഷ മാത്രമാണ് നടന്നിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പരീക്ഷകളുടെ സമയ ബന്ധിതമായ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്. 2019 ബാച്ച് ബിരുദ വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ 2021 ഒക്ടോബർ 27 തീയതി മുതൽ ആരംഭിക്കാനുള്ള ക്രമീകരണങ്ങൾ നടത്തുകയും ടൈം ടേബിൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ സെമസ്റ്റർ പരീക്ഷകൾ ടി പരീക്ഷയ്ക്ക് ശേഷം കാലതാമസ മില്ലാതെ തന്നെ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സിലബസ് വെട്ടിക്കുറച്ച് പരീക്ഷകൾക്ക് കൃത്യമായ ടൈംടേബിൾ പ്രസിദ്ധീകരിച്ച് എത്രയും വേഗം കോഴ്സ് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സിലബസ് വെട്ടികുറക്കുന്നതുമായി ബന്ധപ്പെട്ട് ഒരു തീരുമാനവും യൂണിവേഴ്സിറ്റി കൈകൊണ്ടിട്ടില്ല. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ചോദ്യപേപ്പറുകളിൽ ഓരോ വിഭാഗത്തിനും കൂടുതൽ ഓപ്ഷനുകൾ നൽകികൊണ്ട് പരീക്ഷ നടത്തുന്നതിനുള്ള തീരുമാനം കൈകൊണ്ടിട്ടുണ്ട്. |
| (സി) | കഴിഞ്ഞ പരീക്ഷകളുടെ മൂല്യനിർണയം പൂർത്തീകരിച്ചിട്ടുണ്ടോ; പരീക്ഷാഫലം എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (സി) | ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ മൂല്യ നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം സെമസ്റ്റർ പരീക്ഷകളുടെ മൂല്യ നിർണയം ഉടൻ തന്നെ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂല്യ നിർണ്ണയം പൂർത്തിയാക്കി കാലതാമസമില്ലാതെ തന്നെ ഫലം പ്രഖ്യാപിക്കുന്നതാണ്. |
| (ഡി) | തുടർ പഠനവും ജോലിയും ലക്ഷ്യംവയ്ക്കുന്ന വിദ്യാർത്ഥികളുടെ മാനസികസമ്മർദ്ദം കണക്കിലെടുത്ത് യു.ജി.സി. നിർദ്ദേശിച്ച പ്രകാരം അവസാന വർഷ സെമസ്റ്റർ പരീക്ഷകൾ ഒഴികെയുള്ള മറ്റ് പരീക്ഷകൾ ഒഴിവാക്കി കോഴ്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പരീക്ഷകൾ കാലതാമസമില്ലാതെ തന്നെ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇന്റർമീഡിയറ്റ് സെമസ്റ്റർ/ഇയർ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട യു.ജി.സി മാർഗ്ഗ നിർദ്ദേശം നയപരമായി തീരുമാനമെടുക്കേണ്ട വിഷയമായതി നാൽ പ്രസ്തുത വിഷയം സിന്റിക്കേറ്റിന്റെ പരീക്ഷാ സ്ഥിരം സമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ